ഉത്തരം

2012 ജൂലൈ 1-ാം തീയതി മുതലും, 2013 മേയ് 1-ാം തീയതി മുതലും, 2014 ആഗസ്റ്റ് 16-ാം തീയതി മുതലും 'മൂന്ന് പ്രാവശ്യം' വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ* കൊടുത്തിരിക്കുന്നു. എന്നാൽ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 1-7-2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാൻ സബ്സിഡി നൽകിയിരുന്നു. ഇത് ഇപ്പോഴും തുടരുന്നുണ്ട്.

വൈദ്യുതി ഉല്പാദനം

33 (4024) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്നു വിശദമാക്കാമോ?

ഉത്തരം

2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച 10 പദ്ധതികളിലൂടെ 36.06 MW/85.07MU വൈദ്യുതി ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

34 (4025) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര മസ്ദൂർ തസ്തികകളാണുള്ളത് ;

(ബി) പുതുതായി ഉദ്ഘാടനം ചെയ്ത രണ്ട് സെക്ഷൻ ഓഫീസുകളിൽ മസ്ദൂർമാരെ നിയമിച്ചിട്ടുണ്ടോ ;

(സി) പാലക്കാട് ജില്ലയിൽ മസ്ദൂർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെയാണ് നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഡി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly